13-ാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 517

10.06.2014 ലെ മറുപടിക്ക്

## ന്യൂ പെൻഷൻ സ്കീം

ചോദ്യം | ഉത്തരം

ശ്രീ. കെ. രാധാകൃഷ്ണൻ

ശ്രീ. കെ.എം. മാണി,
ബഹു. ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി

| | | |
|---|---|---|
| (എ) | 2013 ഏപ്രിൽ ഒന്നിനുശേഷം സംസ്ഥാന സർവ്വീസിൽ പ്രവേശിച്ചവർക്ക് "ന്യൂ പെൻഷൻ സ്കീം" നടപ്പിലാക്കിയിട്ടുണ്ടോ; | 2013 ഏപ്രിൽ 1 നോ അതിനുശേഷമോ സംസ്ഥാന സർവ്വീസിലുൾപ്പെടെ നിയമനം ലഭിച്ച ജീവനക്കാർക്ക് 07/01/13 ലെ സ.ഉ.(പി) നം.20/2013/ധന, 07/05/13 ലെ സ.ഉ.(പി) നം.209/13/ധന എന്നീ ഉത്തരവുകൾ പ്രകാരം ദേശീയ പെൻഷൻ പദ്ധതി ബാധക മാക്കിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഈ സ്കീമിൽ ഇതേവരെ എത്ര ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടെന്നും അവർ എതെല്ലാം വകുപ്പിൽ പ്പെട്ടവരാണെന്നും അറിയിക്കുമോ; | നിർദ്ദിഷ്ട പദ്ധതിയിൽ, ബന്ധപ്പെട്ട സെൻട്രൽ റിക്കാർഡ് കീപ്പിംഗ് ഏജൻസിയായ എൻ.എസ്.ഡി.എൽ. ലഭ്യമാക്കിയ 31.05.2014 ൽ അവസാനിക്കുന്ന ആഴ്ചയിലെ മെസ്സേജ് ഇൻഫർമേഷൻ സിസ്റ്റം അനുസരിച്ച്, 7542 ജീവനക്കാർ രജിസ്റ്റർ ചെയ്തിട്ടുള്ളതും ടി ആളുകൾക്ക് പെർമനന്റ് റിട്ടയർമെന്റ് അക്കൗണ്ട് നമ്പർ (PRAN) അനുവദിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ജീവനക്കാർ ഏതൊക്കെ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽപ്പെട്ടവ രാണെന്ന് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

| | | |
|---|---|---|
| (സി) | ഇതിൽ നിന്നും ഓരോ മാസവും വിഹിതമായി പിടിക്കുന്ന തുകയുടേയും സർക്കാർ വിഹിതമായി നിക്ഷേപിക്കുന്ന തുകയുടേയും വിശദാംശങ്ങൾ അറിയിക്കുമോ; | 2014 മാർച്ച് മാസം സർക്കാർ വിഹിതമായി 1.21 ലക്ഷവും ജീവനക്കാരന്റെ വിഹിതമായി അതിനു തുല്യമായ തുകയും, 2014 ഏപ്രിൽ മാസം സർക്കാർ വിഹിതമായി 14.95 ലക്ഷവും അതിനു തുല്യമായ തുക ജീവനക്കാരന്റെ വിഹിതമായും കൈമാറിയിട്ടുണ്ട്. |
| ( ഡി) | സർക്കാർ വിഹിതം നിക്ഷേപിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | സർക്കാർ വിഹിതം സഹിതമുള്ള തുകയാണ് ഈ പദ്ധതിയിലേയ്ക്ക് കൈമാറുന്നത്. |
| (ഇ) | സംസ്ഥാനത്താകെ ഇതേവരെ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും ഉൾപ്പെടെ ഏതു ബാങ്കിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും അറിയിക്കുമോ? | 06.02.14 ലെ സർക്കുലർ നം. 07/14/ധന ഖണ്ഡിക VI അനുസരിച്ച് പി.എഫ്.ആർ.ഡി.എ. ആണ് ആക്സിസ് ബാങ്കിനെ ട്രസ്റ്റി ബാങ്കായി നിയമിച്ചിട്ടുള്ളത്. ട്രസ്റ്റി ബാങ്ക് മുഖേനയാണ് പെൻഷൻ തുക മേൽ സർക്കുലർ ഖണ്ഡിക V ൽ വിവരിക്കുന്ന പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള ഫണ്ടുകളിൽ/സെക്യൂരിറ്റികളിൽ നിലവിൽ നിക്ഷേപിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ